Draft #2 of File Ac AIV /1 / 10453 / 2019 /DDMCA Approved by ASSISTANT REGISTRAR II ACADEMIC on 08-Apr-2019 10:24 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

DDMCA കോഴ്സ്-റഗുലേഷൻ ഭേദഗതി -ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ (പി.ജി ) -സമർപ്പിച്ച ശുപാർശകൾ -അക്കാദമിക് കൗൺസിൽ അംഗീകരിച്ചു -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 1513/AC A 4/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.04.2019

---

പരാമർശം:-1) 16 .02 .2019 ലെ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നം 74 /Ac .19 / 195015
(18 .03 .2019 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19 .02 ) ഇനം നമ്പർ 01/ 19 .02 / 190182 ആയി
സമർപ്പിച്ചത് )

**ഉത്തരവ്**

മഹാത്മാഗാന്ധി സർവകലാശാലയിൽ 2014-15 അക്കാദമികവർഷം ആരംഭിച്ച DDMCA (Dual Degree Master of Computer Application) കോഴ്സ് റഗുലേഷനിലെ, കോഴ്സ് പൂർത്തീകരണം സംബന്ധിച്ച R.6 Subclause (xi ) ൽ "A candidate should complete upto VI semester before registering ninth semester" എന്ന് വ്യവസ്ഥ ചെയ്തിരുന്നു. അതായത്, സെമസ്റ്റർ ആറ് വരെ പൂർത്തിയാക്കുന്നവർക്ക് മാത്രമേ ടി വ്യവസ്ഥ പ്രകാരം പ്രസ്തുത കോഴ്സിന്റെ ഒൻപതാം സെമെസ്റ്ററിലേക്ക് രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുള്ളു. എന്നാൽ ടി കോഴ്സിന്റെ ആറാം സെമസ്റ്റർ വരെ വിജയകരമായി പൂർത്തിയാക്കാൻ കഴിയാത്ത ആദ്യബാച്ചിലെ (2014അഡ്മിഷൻ) നിരവധി വിദ്യാർത്ഥികൾ ടി വ്യവസ്ഥയിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് സർവ്വകലാശാലയെ സമീപിച്ച സാഹചര്യത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ (പി .ജി ) പ്രസ്തുത വിഷയം വിശകലനം ചെയ്തശേഷം ചുവടെ ചേർത്തിരിക്കുന്ന ശുപാർശകൾ സമർപ്പിക്കുകയുണ്ടായി .

I (i) DDMCA റഗുലേഷൻ R6 sub clause (xi ) ൽ വിദ്യാർത്ഥികൾക്ക് എട്ടാം സെമസ്റ്ററിന്റെ തുടർച്ചയായിത്തന്നെ ഒൻപതാം സെമെസ്റ്ററിലേക്കു രജിസ്റ്റർ ചെയ്യാവുന്നതാണെന്നും എന്നാൽ ആറാം സെമസ്റ്റർ വരെയുള്ള എല്ലാ വിഷയങ്ങളും വിജയകരമായി പൂർത്തീകരിച്ച്, പത്താം സെമസ്റ്റർ വരെ കോഴ്സ് പൂർത്തീകരിക്കുകയും ചെയുന്നവർക്കു മാത്രമേ കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നല്കുകയുള്ളെന്ന് ഭേദഗതി ചെയ്യുന്നതിന്

(ii) റഗുലേഷനിലെ R 5 i (d ) ൽ End Semester പരീക്ഷ എഴുതുന്നതിലേക്കായി ഓരോ paper /subject നും മിനിമം 50 % sessional mark വിദ്യാർത്ഥി നേടിയിരിക്കണം എന്ന് ഭേദഗതി ചെയ്യുന്നതിന് :

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(iii ) DDMCA റഗുലേഷൻ R 5 (ii ) 75 % ൽ കുറവ് attendance ഉം 50 % ൽ കുറവ് sessional mark ഉം നേടിയവർക്ക് ESE എഴുതാൻ കഴിയില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത്തരം വിദ്യാർത്ഥികൾക്ക് പ്രസ്തുത വിഷയം തൊട്ടടുത്ത് വരുന്ന അവസരത്തിൽ re-do ചെയാവുന്നതാണെന്ന് ഭേദഗതി ചെയ്യുന്നതിന് : (DDMCA , IMCA കോഴ്സുകൾക്ക് ബാധകം )

II. സർവകലാശാലയിൽ നടന്നുവരുന്ന MCA കോഴ്സുകളുടെ പേരുകൾ മാറ്റുന്നത് സംബന്ധിച്ച വിഷയം പരിഗണിച്ച BOS ,സർവകലാശാലയിൽ MCA regular (3 Years ), MCA Lateral (2 years ) എന്നിങ്ങനെ രണ്ട് MCA പ്രോഗ്രാമുകളാണ് നടത്തപ്പെടുന്നതെന്നും MCA റെഗുലർ പ്രോഗ്രാമിന്റെ രണ്ടാം വർഷത്തിലേക്ക് അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക ബാച്ചുകൾ ഇല്ലാത്തതിനാൽ ടി കോഴ്സിന്റെ പേരും MCA റെഗുലർ എന്നുതന്നെ നിലനിർത്തുന്നതിന്.

III. DDMCA, IMCA എന്നിവ തികച്ചും വ്യത്യസ്തമായ കോഴ്സുകളായതിനാൽ DDMCA കോഴ്സിലേക്ക് പ്രവേശനം നേടിയതിന്ശേഷം വ്യക്തിപരമായ കാരണങ്ങളാൽ പഠനം മുടങ്ങുന്ന വിദ്യാർത്ഥികൾക്ക് IMCA കോഴ്സിന്റെ അടുത്ത സെമെസ്റ്ററുകളിൽ ചേർന്ന് പഠനം തുടരാൻ സാധിക്കുകയില്ല. 2016 ന് ശേഷം മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിൽ DDMCA ബാച്ചുകൾ ഇല്ലാത്തതിനാൽ അത്തരം വിദ്യർത്ഥികൾ IMCA കോഴ്സിന്റെ ആദ്യ സെമസ്റ്ററിൽ ചേർന്ന് പഠനം തുടരുന്നതിന്.

ടി വിഷയം പരിഗണിച്ച വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസറുടെ ഉത്തരവ് പ്രകാരം ടി ശുപാർശകൾ 16.02.2019 ലെ അക്കാദമിക് കൗൺസിൽ യോഗത്തിൽ സമർപ്പിക്കുകയും, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ (പി.ജി)-ന്റെ മേൽശുപാർശകൾ പരാമർശം (1) പ്രകാരം അക്കാദമിക്ക് കൗൺസിൽ യോഗം അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

രമേഷ് നാരായൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പി .എസ് മാർ

2 രജിസ്ട്രാറുടെ / പരീക്ഷ കൺട്രോളറുടെ പി എ മാർ

3 ചെയർമാൻ ,BOS ഇൻ കംപ്യൂട്ടർ ആപ്ളിക്കേഷൻ (പി ജി )

4 AR / DR / JR (അക്കാദമിക് /പരീക്ഷ )

5 ഇ ഐ XIV / Ac.C II /കണ്ടെന്റ് മാനേജ്മെന്റ് / റെക്കോർഡ് സെക്ഷൻ

Draft #2 of File Ac AIV /1 / 10453 / 2019 /DDMCA Approved by ASSISTANT REGISTRAR II ACADEMIC on 08-Apr-2019 10:24 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം